LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 4 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇനി ഭരണാനുമതി ലഭിക്കേണ്ടതായ 5 പദ്ധതികൾക്കുള്ള ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(ബി) 1. കാലമ്പറമ്പ് കുടിവെള്ള പദ്ധതി- കാലമ്പറമ്പ് പദ്ധതി അടക്കം കോഡൂർ ഗ്രാമ പഞ്ചായത്ത് മൊത്തം ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (17.78 കോടി രൂപ) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

2. പെരിങ്ങോട്ടുപുലം പൂക്കാട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

3. മുണ്ടയ്ക്കോട് നിരപ്പിൽ, ചട്ടിപ്പറമ്പ് തണ്ണീർച്ചോല, ആനക്കയം, അമ്പലവട്ടം, ഉരുളിത്തല, ചേപ്പൂർ എന്നീ പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി പരിശോധിച്ചുവരുന്നു.

കടമക്കുടി ശുദ്ധജല വിതരണ പദ്ധതി

239(2708) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് കടമക്കുടിയിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി കാലതാമസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പിഴല വാട്ടർ ടാങ്കിന്റെ പൈപൽ ഫൗണ്ടേഷന്റെ പണി കരാറുകാരൻ പൂർത്തീകരിച്ചു. ജിഡ ഫണ്ട് ഉപയോഗിച്ച് കടമക്കുടിയിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതിക്ക് 1688 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്നത്. എന്നാൽ പദ്ധതി നടന്നുകൊണ്ടിരിക്കെ ചെലവ് ഈ തുകയേക്കാൾ കൂടുതലാകുമെന്നതിനാൽ 3100 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുവാൻ കഴിയുന്നതാണ്.

പുത്തൂർ കുടിവെള്ള പദ്ധതി

240(2709) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കരിവെള്ളൂർ-വെരളം ഗ്രാമപഞ്ചായത്തുകളിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുത്തൂർ കുടിവെള്ള പദ്ധതിയുടെ ഉപരിതല സംഭരണിയുടെ 80 ശതമാനവും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 90 ശതമാനവും പൂർത്തിയായി. പ്രസ്തുത പദ്ധതിയുടെ കിണർ പട്ടേൽ വയൽ കോഴിത്താർ പാടശേഖരത്തിലാണ്. ആയതിനാൽ പാടശേഖരത്തിലെ കൊയ്ത്ത് കഴിഞ്ഞ് വെള്ളം താഴ്ത്തിയതിനുശേഷം മാത്രമേ കിണറിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരി മാസത്തോടുകൂടി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്.